I ഇ.ബി. XIV - കേരള നിയമസഭ/I-5

# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ജൂൺ 28, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I നോമിനേറ്റഡ് അംഗത്തിന്റെ സത്യപ്രതിജ്ഞ

ഇന്ത്യൻ ഭരണഘടനയുടെ 333-ാം അനുച്ഛേദപ്രകാരം കേരള ഗവർണ്ണർ നിയമസഭയിലേയ്ക്ക് നാമനിർദ്ദേശം ചെയ്ത ശ്രീ. ജോൺ ഫെർണാണ്ടസ് പതിനാലാം കേരള നിയമസഭയിലെ അംഗമായി സത്യപ്രതിജ്ഞ ചെയ്തു.

II ചരമോപചാരം

കെ.പി. നൂറുദ്ദീൻ, കെ. അനിരുദ്ധൻ, പി. ബി. ആർ. പിള്ള,
ഡേവിഡ് പിൻഹിറോ എന്നിവരുടെ നിര്യാണം

മുൻമന്ത്രിയും പ്രമുഖ കോൺഗ്രസ് നേതാവുമായിരുന്ന കെ. പി. നൂറുദ്ദീൻ, മുൻ

നിയമസഭാംഗവും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്ന കെ. അനിരുദ്ധൻ, മുൻ നിയമസഭാംഗങ്ങളായിരുന്ന പി. ബി. ആർ. പിള്ള, ഡേവിഡ് പിൻഹിറോ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

III അറിയിപ്പ്

നിയമസഭാ നടപടിക്രമങ്ങളുടെ സമയക്ലിപ്തത

മി. സ്പീക്കർ: 24.06.2016-ന് ചേർന്ന കക്ഷിനേതാക്കളുടെ യോഗത്തിൽ സഭാനടത്തിപ്പിന്റെ അച്ചടക്കവും അന്തസ്സും സമയക്ലിപ്തതയും പരിപാലിക്കുന്നത് സംബന്ധിച്ച് പൊതുവായ ചില നിർദ്ദേശങ്ങളുയർന്നുവന്നിട്ടുണ്ട്. സഭാനടപടികൾ അനന്തമായി നീണ്ടുപോകുന്നത് സർക്കാരിനും മാധ്യമപ്രവർത്തകർക്കും സാമാജികർക്കും പ്രയാസങ്ങളുണ്ടാക്കുന്ന പശ്ചാത്തലത്തിൽ സഭയുടെ നടത്തിപ്പ് ബന്ധപ്പെട്ട ചട്ടത്തിന് വിധേയമാകണം. രാവിലെ 8.30- ന് തുടങ്ങി ഉച്ചയ്ക്കുശേഷം 1.30-ന് അവസാനിക്കുന്ന നിലയിലാണ് നിയമസഭാ നടപടിക്രമങ്ങളുടെ സമയക്ലിപ്തത തീരുമാനിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നകാര്യത്തിൽ വിവിധ കക്ഷിനേതാക്കൾ സഭാദ്ധ്യക്ഷനെ പിന്തുണ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പത്തും പന്ത്രണ്ടും

കേരള നിയമസഭകളിലെ കീഴ്‌വഴക്കങ്ങളും റൂളിംഗുകളും ചെയർ പരിശോധിക്കുകയുണ്ടായി. പ്രസ്തുത നിയമസഭകളിൽ കൈക്കൊണ്ട നിബന്ധനകൾ പലപ്പോഴും പാലിക്കാൻ കഴിയാത്ത രീതിയിൽ സഭാനടത്തിപ്പ് നീണ്ടുപോയെങ്കിലും എല്ലാ അംഗങ്ങൾക്കും ഗുണകരമാണെന്നുള്ളതുകൊണ്ട് സമയക്ലിപ്തതയുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ചെയർ സഭയെ അറിയിക്കുകയാണ്.

അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും പത്ത് മണിക്കുമുമ്പായി പൂർത്തീകരിക്കേണ്ടതാണ്. ശൂന്യവേള രാവിലെ 10.30 വരെയാണെന്ന മുൻസ്പീക്കറുടെ പ്രസ്താവന നിലനിൽക്കുന്ന സാഹചര്യത്തിൽ സബ്മിഷനുകളും മറുപടിയും പരമാവധി ചുരുക്കി രണ്ടോ മൂന്നോ വാചകങ്ങളിൽ ക്രമീകരിക്കേണ്ടതാണ്. നിയമനിർമ്മാണത്തിന്റെ സമയക്രമീകരണത്തെക്കുറിച്ച് ചട്ടത്തിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ ബില്ലുകളിൻമേലും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളിൻമേലുമുള്ള ചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾ ബില്ലിന്റെ പരിധിയിൽനിന്ന് സംസാരിക്കേണ്ടതും സമയനിഷ്ഠ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ചർച്ചയിൽ പങ്കെടുക്കുന്ന മെമ്പർക്ക് അനുവദിക്കുന്ന സമയം അവസാനിക്കുന്നതിന് ഒരു മിനിട്ട് മുമ്പ് സമയം തീരാറായി എന്ന സൂചന ചെയർ നൽകുന്നതാണ്. നിശ്ചിത സമയം അവസാനിച്ചാൽ ഉടൻതന്നെ പ്രസ്തുത അംഗം

പ്രസംഗം അവസാനിപ്പിച്ച് സീറ്റിൽ ഇരിക്കേണ്ടതാണ്. അപ്രകാരം അംഗങ്ങൾ സഹകരിക്കാത്ത സാഹചര്യമുണ്ടായാൽ ഒരു മിനിട്ട് കഴിഞ്ഞ് അടുത്ത അംഗത്തെ പ്രസംഗത്തിനായി ക്ഷണിക്കാൻ ചെയർ നിർബന്ധിതമാകും. എന്നാൽ കക്ഷിനേതാക്കളുടെയും മന്ത്രിമാരുടെയും കാര്യത്തിൽ ഒരു പൊതുസമവായമെന്ന നിലയിൽ അർഹമായ പരിഗണന നൽകാൻ ചെയർ ബാധ്യസ്ഥമാണെന്നുകൂടി അറിയിക്കുകയാണ്.

IV അടിയന്തരപ്രമേയം

ദളിത് പെൺകുട്ടികളുടെ റിമാന്റ്

മി. സ്പീക്കർ: തലശ്ശേരി കുട്ടിമാക്കൂലിൽ 2016 ജൂൺ 3-ന് ശേഷം ദളിത് വിഭാഗത്തിൽപ്പെട്ട രാജൻ, ഭാര്യ ഉഷ, പെൺമക്കളായ അഞ്ജന, അഖില എന്നിവർക്കെതിരെ തുടർച്ചയായി ഉണ്ടാകുന്ന അക്രമങ്ങൾ ഫലപ്രദമായി നിയന്ത്രിക്കാൻ പോലീസിന് കഴിയാതെ പോയതും രാജന്റെ പെൺമക്കളുടെ പേരിൽ ജാമ്യമില്ലാ വകുപ്പുകൾ ചേർത്ത് സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശംപോലും മാനിക്കാതെ അറസ്റ്റുചെയ്ത് റിമാന്റ് ചെയ്തതും അറസ്റ്റിലും രാഷ്ട്രീയ നേതാക്കളുടെ അപവാദപ്രചരണത്തിലും മനംനൊന്ത് അഞ്ജന ആത്മഹത്യാ ശ്രമം നടത്തിയതുമൂലവും ഉളവായ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ.സി.

ജോസഫ്, ഡോ. എം. കെ. മുനീർ, ശ്രീ. പി.ജെ. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തലശ്ശേരിയിലെ കുട്ടിമാക്കൂലിൽ 2016 ജൂൺ 3-ാം തീയതി ഉണ്ടായ സംഭവത്തിൽ ജൂൺ 4-ന് തന്നെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും പരാതിയിൽ ആരോപിതനായ ഒന്നാം പ്രതിയെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കുട്ടിമാക്കൂലിൽ ബസ്സിറങ്ങി വീട്ടിലേക്ക് നടന്നുപോകുമ്പോൾ ഭീഷണിപ്പെടുത്തുകയും കരണത്തടിക്കുകയും ചെയ്തുവെന്ന രാജന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് ഷിജിനെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തത്. സി.പി.ഐ (എം) ബ്രാഞ്ച് കമ്മിറ്റി ഓഫീസിൽ കയറി അക്രമം നടത്തിയെന്ന ഷിജിന്റെ പരാതിയുടെ അടിസ്ഥാനത്തിലാണ് അഖില, അഞ്ജന, രാജൻ, വികാസ് എന്നിവർക്കെതിരെ കേസെടുത്തത്. 17-06-2016-ന് കോടതിയിൽ ഹാജരാക്കിയെങ്കിലും ജാമ്യമെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് പ്രതികളെ റിമാന്റ് ചെയ്തത്. 18-06-2016-ന് ജാമ്യക്കാരെത്തിയതിനെതുടർന്ന് ജാമ്യം അനുവദിച്ചിട്ടുണ്ട്. ജാമ്യം ലഭിച്ച അന്ന് രാത്രി അമിതമായി ഗുളിക കഴിച്ച് അഞ്ജന തലശ്ശേരി സഹകരണ ആശുപത്രിയിൽ

ചികിത്സ തേടിയിട്ടുണ്ട്. അഞ്ജനയും അഖിലയും സാധനം വാങ്ങാൻ പോയപ്പോൾ ജാതിപ്പേര് വിളിച്ചാക്ഷേപിച്ചു എന്ന പരാതിയുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എസ്.സി/എസ്.റ്റി അതിക്രമം തടയൽ നിയമമനുസരിച്ച് കേസെടുത്തിട്ടുണ്ട്. അറസ്റ്റ് സംബന്ധിച്ച് സുപ്രീം കോടതിയുടെ എല്ലാ നിർദ്ദേശങ്ങളും പാലിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിരുത്തരവാദപരമായ യാതൊരു സമീപനവും സ്വീകരിച്ചിട്ടില്ല. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: പട്ടികജാതി പെൺകുട്ടികൾക്ക് നേരെയുണ്ടായ ക്രൂരമായ സംഭവത്തിൽ പോലീസിന്റെ സമീപനവും നേതാക്കളുടെ പ്രതികരണവുമെല്ലാം ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്. കോൺഗ്രസിന്റെ സജീവ പ്രവർത്തകനായ രാജന്റെ മകളുടെ കാർ ഷിജിനുൾപ്പെടെ രണ്ടുപേർ എറിഞ്ഞുതകർത്തുവെന്ന പരാതിയിൻമേൽ കേസെടുക്കാൻ പോലീസ് അലംഭാവം കാണിച്ചു. രാജനെ പബ്ലിക് റോഡിൽ തടഞ്ഞുവച്ച് ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും മർദ്ദിച്ച് ഒരു ചെവിയുടെ കേൾവിശക്തി നഷ്ടപ്പെടുത്തുകയും ചെയ്തു. കുട്ടിമാക്കൂൽ സി.പി.ഐ(എം) കമ്മിറ്റി ഓഫീസിന് മുന്നിൽ വച്ച് രാജന്റെ

പെൺമക്കളെ ഷിജിൻ ഉൾപ്പെടെയുള്ളവർ ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതിനെത്തുടർന്ന് പാർട്ടി ഓഫീസിലേക്ക് കയറിയ പെൺകുട്ടികളെ കസേരകൊണ്ട് അടിച്ച് മാരകമായി പരിക്കേൽപ്പിച്ചു. വൈകുന്നേരം രാജന്റെ വീട്ടിലെത്തിയ ഇവർ രാജനെയും പെൺമക്കളെയും ആക്രമിച്ചതിനെത്തുടർന്ന് സി.പി.ഐ.(എം) പ്രവർത്തകർക്കെതിരെ മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്യുകയും ഷിജിനുൾപ്പെടെയുള്ളവരെ അറസ്റ്റു ചെയ്യുകയും ചെയ്തു. ഈ സംഭവത്തിൽ പെൺകുട്ടികളെ റിമാൻഡ് ചെയ്ത് സെൻട്രൽ ജയിലിലേയ്ക്ക് അയച്ചു. സംഭവം വിവാദമായപ്പോൾ പോലീസ് നിലപാട് മാറ്റി ജാമ്യം നൽകി. തുടർന്ന് രാജന്റെ ഒരു മകൾ ആത്മഹത്യക്ക് ശ്രമിച്ചു. ദളിത് കുടുംബത്തിന് നേരെയുണ്ടായ സംഭവം കേരളത്തിന് ലജ്ജാകരമാണ്. ഈ ഗവൺമെന്റിന്റെ കീഴിൽ എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് സംരക്ഷണമുണ്ടാകുന്നില്ല. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: ഈ വിഷയം രാഷ്ട്രീയ ഉദ്ദേശത്തോടുകൂടി ഉയർത്തിക്കൊണ്ടുവരാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് യാതൊരുവിധത്തിലുമുള്ള

അരക്ഷിതാവസ്ഥയും നേരിടേണ്ടിവരില്ല. പ്രസ്തുത വിഭാഗത്തെ സംരക്ഷിക്കുന്ന നിലപാടാണ് ഈ സർക്കാരിനുള്ളത്. സംസ്ഥാനത്ത് ക്രമസമാധാനം കൃത്യമായും പാലിക്കുന്നതാണ്. ഒരുവിധത്തിലുള്ള പക്ഷപാതപരമായ ഇടപെടലുകളും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുകയില്ല. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. രമേശ് ചെന്നിത്തല, പി.കെ. കുഞ്ഞാലിക്കുട്ടി, കെ.എം. മാണി, ഒ. രാജഗോപാൽ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

V ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ രാജു എബ്രഹാം, കെ. മുരളീധരൻ, ശ്രീമതി ഇ.എസ്. ബിജിമോൾ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളന കാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

VI ശ്രദ്ധക്ഷണിക്കൽ

(1) കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി

ശ്രീ. ജെയിംസ് മാത്യു: സംസ്ഥാനത്ത് 30 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികളുണ്ടെങ്കിലും ഇതുസംബന്ധിച്ച് കൃത്യമായ കണക്കില്ല. 2010-ലെ കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ഓഫീസുകളിലും ഇതര സംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും 51690 പേർ മാത്രമാണ് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യം, പാർപ്പിടം തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുന്നതിനും എന്തെങ്കിലും വീഴ്ച കണ്ടെത്തിയാൽ നടപടി സ്വീകരിക്കുന്നതിനും തൊഴിൽ വകുപ്പ് സ്ക്വാഡിനെ നിയോഗിച്ചിട്ടുണ്ടെങ്കിലും അത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പോലീസ് സ്റ്റേഷനുകളിലും ഇവരുടെ രജിസ്ട്രേഷൻ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഇവരുടെ ശോചനീയമായ ജീവിതാവസ്ഥ പരിഹരിക്കുന്നതിന് ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): കേരളത്തിൽ ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാന കുടിയേറ്റത്തൊഴിലാളികൾക്കായി ക്ഷേമനിധി രൂപീകരിക്കുന്നതിനും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും

29.03.2010-ൽ തൊഴിൽ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും പദ്ധതി നടത്തിപ്പ് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിനെ ഏല്പിക്കുകയും ചെയ്തിരുന്നു. തൊഴിൽ വകുപ്പിന്റെ നിർദ്ദേശപ്രകാരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ കേരളത്തിലെ വിവിധ തൊഴിലിടങ്ങളിലായി ഏകദേശം 25 ലക്ഷത്തിൽപ്പരം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നതായി കണക്കാക്കിയിട്ടുണ്ട്. ഇവരുടെ കൃത്യമായ എണ്ണം നിർണ്ണയിക്കുന്നതിനുള്ള രജിസ്ട്രേഷൻ പ്രാവർത്തികമായിട്ടില്ല. കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതിയിൽ 53,136 പേർ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ആനുകൂല്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നതിനും ഇവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും തൊഴിൽ വകുപ്പ് ഒരു പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടക്കമുള്ള വിവിധ വകുപ്പുകളുടെയും സഹായം തേടുന്നതിനും വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുതകുന്ന കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും ഗവൺമെന്റ് ആലോചിക്കുന്നു. സേവന-വേതന വ്യവസ്ഥകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും പരാതി പരിഹാരത്തിനായി തൊഴിൽ വകുപ്പ് പ്രത്യേക

ഹെൽപ്പ് ലൈൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവർക്കായി പാലക്കാട് ജില്ലയിൽ ആരംഭിച്ച അപ്നാ ഘർ പദ്ധതി മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

(2) <u>ദുരന്തനിവാരണ സംവിധാനം മെച്ചപ്പെടുത്തൽ</u>

<u>ശ്രീ. വി. ഡി. സതീശൻ</u>: സംസ്ഥാനത്ത് പ്രതിവർഷം കുഞ്ഞുങ്ങളുൾപ്പെടെ 1500-ഓളം പേർ മുങ്ങിമരിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സുരക്ഷായാനം 2012, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ എന്നിവ ഈ രംഗത്തെ കഴിഞ്ഞ ഗവൺമെന്റിന്റെ കാൽവയ്പുകളാണെങ്കിലും പ്രകൃതിദുരന്തങ്ങൾ പ്രൊഫഷണലായി കൈകാര്യം ചെയ്യാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നുണ്ട്. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്വർ വിസ്മരിച്ചുകൊണ്ട് യാതൊരു തയ്യാറെടുപ്പുമില്ലാതെയാണ് ഓരോ അപകടങ്ങളെയും അധികൃതർ നേരിടുന്നത്. ഓയിൽ- കെമിക്കൽ-പാചകവാതക ട്രാൻസ്പോർട്ടേഷൻ നടത്തുമ്പോൾ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും അപകടകരമായ രാസവസ്തുക്കളും സ്ഫോടക വസ്തുക്കളും മൂലമുണ്ടാകുന്ന ദുരന്തങ്ങൾ നേരിടുന്നതിനാവശ്യമായ ട്രെയിനിംഗ് സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. ദുരന്ത കാരണം കണ്ടെത്തി അത് ആവർത്തിക്കാതിരിക്കാനായി റൂട്ട്കോസ് അനാലിസിസ് ഏർപ്പെടുത്തുന്നതിനും എൺവയോൺമെന്റ് ഇംപാക്ട്

അസെസ്മെന്റ് സ്റ്റഡി നടത്താത്ത നിർമ്മാണപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ദുരന്തങ്ങൾ കൃത്യമായി വിലയിരുത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തണം. റോഡ്-റെയിൽ, കെട്ടിട അപകടങ്ങളിലൂടെയുള്ള മരണനിരക്ക് കുറയ്ക്കാനും മുങ്ങിമരിക്കുന്ന കേസുകൾ കൃത്യമായി റിപ്പോർട്ടുചെയ്യാനും ദുരന്തനിവാരണ സംവിധാനങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന്റെ ഭാഗമായി സുരക്ഷാ യാനം 2 - ന് തുടക്കം കുറിക്കാനും നടപടി സ്വീകരിക്കണം. പ്രകൃതി-പ്രകൃതിയേതര ദുരന്തങ്ങൾ നേരിടുന്നവർക്കാവശ്യമായ സഹായം നൽകാനായി പബ്ലിക് ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജുവരെ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം. ആരോഗ്യ – റവന്യൂ - പോലീസ് - വൈദ്യുതി - ഇറിഗേഷൻ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പുതിയ ദുരന്തനിവാരണ സംവിധാനമേർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രകൃതി ദുരന്തങ്ങൾക്കും മനുഷ്യ നിർമ്മിത ദുരന്തങ്ങൾക്കും സാധ്യതയേറിയ കേരളത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇത്തരം സാഹചര്യങ്ങളെ നേരിടുന്നതിനായി സംസ്ഥാനത്ത് നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി 2012-ൽ സംസ്ഥാന ദുരന്തലഘൂകരണ

നിധി രൂപീകരിച്ച് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ദുരന്തങ്ങൾക്ക് സഹായമനുവദിക്കുന്നതോടൊപ്പം മുല്ലപ്പെരിയാർ, ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ ഓപ്പറേഷൻ, ഓപ്പറേഷൻ അനന്ത തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരികയുമാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ 100 പോലീസ് സേനാംഗങ്ങൾ ഉൾപ്പെടുന്ന ദുരന്ത പ്രതികരണ സേന 2012-മുതൽ പ്രവർത്തിച്ചുവരുന്നു. ദുരന്തനിവാരണപ്രവർത്തനങ്ങൾ സമയബന്ധിതവും ശാസ്ത്രീയവുമായി ക്രമീകരിക്കുന്നതിന്റെ ഭാഗമായി പുതിയ സാദ്ധ്യതകൾ ആരായുന്നതോടൊപ്പം നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് നവീകരിക്കുന്നതാണ്. ജില്ലാതല ദുരന്തനിവാരണ പദ്ധതികളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ രൂപരേഖ തയ്യാറാക്കി ജില്ലാഭരണകൂടങ്ങൾക്ക് നൽകുകയും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇ-സേവന കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററും വൈദ്യുതി ബോർഡും സഹകരിച്ച് സംസ്ഥാനത്തെ ഭൗമാന്തരഭാഗത്ത് നടക്കുന്ന വിവിധ ചലനങ്ങളും ഭൂകമ്പ പ്രഭവസ്ഥാനവും തീവ്രതയും നിർണ്ണയിക്കുന്നതിനും ഇടുക്കി അണക്കെട്ടിലെ ഭൂകമ്പ സാധ്യതാചലനങ്ങൾ നിരീക്ഷിക്കുന്നതിനും അത്യാധുനിക ഭൂകമ്പമാപിനികളും ചലന നിരീക്ഷണ ഉപകരണങ്ങളും സ്ഥാപിക്കുകയും മുല്ലപ്പെരിയാർ ദുരന്തനിവാരണ പദ്ധതി

നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തസാധ്യതാ മേഖലകളുടെ ഭൂപടം തയ്യാറാക്കി സൈന്യത്തിനും പോലീസിനും ഫയർ ഫോഴ്സിനും നൽകുകയും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ദുരന്തങ്ങൾ നേരിടാൻ വിവിധ നിരീക്ഷണ ഗവേഷണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി, ശബരിമല ദുരന്ത ലഘൂകരണ പദ്ധതി, മഴപ്പൊലിമ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം ഈ വർഷത്തെ കാലവർഷ മുന്നൊരുക്ക പരിപാടികൾ പൂർത്തിയാക്കുകയും അടിയന്തര സാഹചര്യം നേരിടാനായി ജില്ലകൾക്ക് ദുരന്തപ്രതികരണ നിധിയിൽ നിന്നും 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പകർച്ചവ്യാധി തടയുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് വ്യക്തമായ രൂപരേഖ തയ്യാറാക്കി നടപ്പിലാക്കുന്നുണ്ട്. മുൻകാലങ്ങളിൽ തുടർന്നുവരുന്ന ദുരന്തനിവാരണപ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുന്നതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## VII <u>**സബ്മിഷൻ**</u>

### (1) <u>കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീമതി. പി. അയിഷാ പോറ്റി</u>: കൊല്ലം ജില്ലയിലെ അടച്ചുപൂട്ടിയ എല്ലാ കശുവണ്ടി ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ): കശുവണ്ടി മേഖലയിലെ പ്രശ്ന പരിഹാരത്തിനായി അസംസ്കൃത കശുവണ്ടി വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഒരാൾ മാത്രം ടെണ്ടർ സമർപ്പിച്ച സാഹചര്യത്തിൽ കൂടുതൽ പേർക്ക് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള സാഹചര്യമൊരുക്കുന്നതിനായി വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിന് ബന്ധപ്പെട്ടവരുടെ അടിയന്തര യോഗം ചേരുകയും ആവശ്യമായ മാറ്റം വരുത്തി പുതിയ ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. തുടക്കമെന്ന നിലയിൽ ജപ്തി നടപടികൾ ആറ് മാസത്തേയ്ക്ക് നിർത്തിവയ്ക്കുന്നതിനും ചെറുകിട ഉൽപ്പാദകരുടെ നിലവിലുള്ള വായ്പ പുനക്രമീകരിക്കുന്നതിനും പുതിയ വായ്പ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ദിർഘകാലാടിസ്ഥാനത്തിൽ തോട്ടണ്ടി വാങ്ങുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂഷണൽ മെക്കാനിസം നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി 15 കോടി രൂപ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് നഷ്ടപ്പെട്ട തൊഴിലും കൂലിയും ലഭ്യമാക്കുന്നതിനും ആവശ്യമുള്ള തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനും ടെണ്ടർ നടപടികൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(2) നാലുവരിപ്പാതയുടെ നിർമ്മാണം

ശ്രീ. പി. ടി. തോമസ്: എറണാകുളം പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി 35 വർഷമായി മുടങ്ങിക്കിടന്ന പുല്ലേപ്പടി-തമ്മനം - സീപോർട്ട്-എയർപോർട്ട് റോഡിലേയ്ക്ക് എത്തിച്ചേരുന്ന നാലുവരിപ്പാതയുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പുല്ലേപ്പടി-തമ്മനം - സീപോർട്ട്-എയർപോർട്ട് റോഡിൽ എത്തിച്ചേരുന്ന നാലുവരി പാതയുടെ ആദ്യഘട്ടം കൊച്ചിൻ കോർപ്പറേഷനും രണ്ടാംഘട്ടം പൊതുമരാമത്ത് വകുപ്പുമാണ് നടപ്പാക്കുന്നത്. ഒന്നാംഘട്ടമായ 4 കി.മീ. റോഡിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള പദ്ധതിരേഖ കിറ്റ്കോ മുഖേന തയ്യാറാക്കി വരുന്നു. ചക്കരപ്പറമ്പ് മുതൽ വെണ്ണല വരെയുള്ള ഒന്നര കി.മീ. ദൂരം 30 മീറ്റർ വീതിയിലും വെണ്ണല മുതൽ ഇൻഫോ പാർക്ക് വരെയുള്ള രണ്ടര കി.മീ. 45 മീറ്റർ വീതിയിലും സ്ഥലം ഏറ്റെടുത്ത് റോഡ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. 413 കോടി രൂപ ചെലവ് കണക്കാക്കിയിരിക്കുന്ന രണ്ടാംഘട്ട പദ്ധതി നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും 27.09.2013-ൽ ഡി.പി.ആർ.ഉം ബന്ധപ്പെട്ട രേഖകളും കൈമാറുകയും ചെയ്തിട്ടുണ്ട്.

(3) <u>വിദ്യാർത്ഥികളുടെ എൻറോൾ ചെയ്യൽ</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. ഹൈബി ഈഡൻ എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്)

<u>ശ്രീ. എം. സ്വരാജ്</u>: ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കാത്തതിനാൽ എറണാകുളം ലാ കോളേജിലെ പഞ്ചവത്സര ബി.എ. ക്രിമിനോളജി എൽ.എൽ.ബി വിദ്യാർത്ഥികൾക്ക് അഭിഭാഷകരായി എൻറോൾ ചെയ്യാൻ സാധിക്കാത്ത അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. ഹൈബി ഈഡൻ</u>: ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം നേടി പ്രസ്തുത വിഷയത്തിന് പരിഹാരം കണ്ടെത്താനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ):</u> 2008-ലെ ബാർ കൗൺസിൽ ലീഗൽ എഡ്യൂക്കേഷൻ റൂൾസ് പ്രാബല്യത്തിൽ വന്നതുമുതൽ ബാർ കൗൺസിൽ ഓഫ് ഇൻഡ്യ നിഷ്കർഷിക്കുന്ന സിലബസ് പ്രകാരമുള്ള പഞ്ചവത്സര-ത്രിവത്സര കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് അഭിഭാഷകരായി എൻറോൾ ചെയ്യാൻ സാധിക്കുന്നത്. 2011-2012 അദ്ധ്യയനവർഷം മുതൽ എം.ജി. യൂണിവേഴ്സിറ്റി ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി

പഞ്ചവത്സര എൽ.എൽ.ബി. ക്രിമിനോളജി കോഴ്സ് ആരംഭിച്ച് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിരുന്നു. എന്നാൽ യൂണിവേഴ്സിറ്റിയുടെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗീകരിച്ച സിലബസിലും സ്കീമിലും കർശനമായി പഠിപ്പിച്ചിരിക്കണമെന്ന് ബാർ കൗൺസിൽ നിഷ്ക്കർഷിച്ച നിയമേതര വിഷയം സിലബസ്സിൽ ഇല്ലാത്തതിനാൽ ഈ കോഴ്സുകൾക്ക് ബാർ കൗൺസിൽ ഓഫ് ഇൻഡ്യ അംഗീകാരം നൽകുകയോ യു.ജി. സി. ആക്ട് 22 പ്രകാരം ബി.എ. ക്രിമിനോളജി എൽ.എൽ.ബി. കോഴ്സ് യു.ജിസി. അംഗീകരിക്കുകയോ ചെയ്തിട്ടില്ല. യു.ജി.സി. അംഗീകാരം ഇല്ലാത്തതും ബാർ കൗൺസിൽ നിഷ്ക്കർഷിക്കുന്ന സിലബസ് പാലിക്കാതെയുമുള്ള കോഴ്സ് എം.ജി. യൂണിവേഴ്സിറ്റി നടത്തിയതിന്റെ ഫലമായിട്ടാണ് ഈ പ്രതിസന്ധിയുണ്ടായത്. ഈ പ്രശ്നം സർവ്വകലാശാലയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ട് രണ്ട് വർഷമായെങ്കിലും യാതൊരു നടപടിയും എം.ജി. സർവ്വകലാശാല സ്വീകരിച്ചിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട ഗവർണ്ണറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(4) <u>വിദ്യാലയങ്ങളിലെ ഷിഫ്റ്റ് സമ്പ്രദായം</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: പീരുമേട് നിയോജകമണ്ഡലത്തിലെ 5 വിദ്യാലയങ്ങളിൽ നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(പ്രൊഫ. സി. രവീന്ദ്രനാഥ്)</u>: 04.06.2010-ലെ

ഉത്തരവു പ്രകാരം ഭൗതിക സാഹചര്യങ്ങൾ നിലവിലുള്ള സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഘട്ടംഘട്ടമായി അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളുകളിലും ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (5) ഫാക്ട് (FACT) സ്വകാര്യവൽക്കരിക്കാനുള്ള നീക്കം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: എഫ്.എ.സി.റ്റി(ഫാക്ട്)സ്വകാര്യവത്ക്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എഫ്.എ.സി.റ്റി. അടക്കമുള്ള 22 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിച്ച് സ്വകാര്യവൽക്കരിക്കാനുള്ള ഉദ്ദേശ്യമുണ്ടെന്ന പത്രവാർത്തകളല്ലാതെ ഇതുമായി ബന്ധപ്പെട്ട് ഔദ്യോഗികമായ അറിയിപ്പൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. ഈ പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## (6) പള്ളികളും ആരാധനാലയങ്ങളും ആക്രമിക്കൽ

ശ്രീ. ബി. ഡി. ദേവസ്സി : തൃശ്ശൂർ ജില്ലയിലെ സമ്പാളൂർ, കോട്ടാറ്റ് എന്നിവിടങ്ങളിലെ പള്ളികളും കപ്പേളകളും ആക്രമിച്ച് മതമൈത്രിയും സമാധാനവും തകർക്കുന്നവരെ കണ്ടെത്തി ശിക്ഷിക്കുന്നതിനും ഇത്തരം അക്രമങ്ങൾ

ആവർത്തിക്കാതിരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : 2014-ൽ ചാലക്കുടിയിൽ ക്രിസ്ത്യൻ ദേവാലയവും മൂന്ന് കപ്പേളകളും ആക്രമിച്ച സംഭവത്തെക്കുറിച്ച് സ്പെഷ്യൽ ടീം അന്വേഷിച്ചുവെങ്കിലും പ്രതികളെ കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രശ്നത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് വീണ്ടും അന്വേഷണം നടത്തി നാല് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. മതസൗഹാർദ്ദം തകർക്കുന്ന ഇത്തരം സംഭവങ്ങൾ തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## (7) അങ്കമാലി ബൈപ്പാസ്

ശ്രീ. റോജി എം. ജോൺ : അങ്കമാലി ബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി കരയാമ്പറമ്പ് മുതൽ നെടുമ്പാശ്ശേരി വിമാനത്താവളം വരെ 5.97 കി.മീ. നീളത്തിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് കിറ്റ്കോയെ കൺസൽട്ടന്റായി ചുമതലപ്പെടുത്തുകയും 2016 ജൂണിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന് പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

രണ്ടുഘട്ടമായി 45 മീ. വീതിയിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണ് ഈ പാത നടപ്പാക്കുന്നതിന് വിഭാവന ചെയ്തിട്ടുള്ളത്. 1100 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതിരേഖ രണ്ടുമാസത്തിനകം സമർപ്പിക്കാൻ കൺസൾട്ടൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## (8) കൊല്ലങ്കോട് ബൈപ്പാസ്

ശ്രീ. കെ. ബാബു : നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : പാലക്കാട് ജില്ലയിൽ വടക്കാഞ്ചേരി പൊള്ളാച്ചി റോഡിൽ 4.7 കി.മീ. ദൈർഘ്യത്തിൽ കൊല്ലങ്കോട് ബൈപ്പാസ് ആരംഭിക്കുന്നതിനായി തയ്യാറാക്കിയ പ്രൊപ്പോസലിന് 13 കോടി രൂപയുടെ ഭരണാനുമതിയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്. ഇതിനായി 30 മീ. വീതിയിൽ 14.5204 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പൊന്നുംവില നടപടിക്രമമനുസരിച്ച് പദ്ധതിച്ചെലവിന്റെ 25% ആയ രണ്ടുകോടി അറുപത്തിനാല് ലക്ഷത്തിമുപ്പതിനായിരം രൂപയുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുത്തശേഷം പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (9) താലൂക്കാശുപത്രിയുടെ ഭൗതിക സൗകര്യങ്ങളും സ്റ്റാഫ് പാറ്റേണും

ശ്രീ. പാറക്കൽ അബ്ദുള്ള : കുറ്റ്യാടി താലൂക്കാശുപത്രിയുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേണിലേക്ക് മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : മുൻ ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ കുറ്റ്യാടി സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചെങ്കിലും അതുസംബന്ധിച്ച നടപടിക്രമങ്ങളൊന്നും പൂർത്തിയാക്കുകയോ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയോ ചെയ്തിട്ടില്ല. സ്റ്റാഫിന്റെ അഭാവം പരിഹരിക്കുന്നതിനും ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്.

(10) കർഷകരുടെ കുടിയിറക്കൽ

ശ്രീ. കെ. ഡി. പ്രസേനൻ : ആലത്തൂർ താലൂക്കിലെ വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളിലെ പട്ടയവും ആധാരവും കൈവശമുള്ള കർഷകരെ കുടിയിറക്കുന്നതിനായി വനം വകുപ്പ് നൽകിയ നോട്ടീസിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : വനം കയ്യേറ്റക്കാരെ കുടിയൊഴിപ്പിക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക്

റവന്യൂ വകുപ്പ് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ആലത്തൂർ താലൂക്കിലെ വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളിലെ നാല്പത്തിയൊന്ന് വനം കയ്യേറ്റക്കാർക്ക് 15.4.2016-ന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നോട്ടീസ് നൽകുകയുണ്ടായി. കേരള ലാന്റ് കൺസർവൻസി ആക്ട് പ്രകാരം സ്റ്റാറ്റ്യൂട്ടറി നോട്ടീസ് നൽകി വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകാൻ വനം വകുപ്പ് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കിഴക്കഞ്ചേരി മേഖലയിലെ വനം കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനായി വനം വകുപ്പുമായി ചേർന്ന് സംയുക്ത സർവ്വേയ്ക്കുള്ള ശ്രമം നടത്തിയെങ്കിലും പ്രാദേശികമായ എതിർപ്പുകളെത്തുടർന്ന് നടപടിയുമായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല.

VIII മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ 3 (1), (2) ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

IX ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എസ്. ശർമ്മ: “ 2016 ജൂൺ 24-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ. പാറക്കൽ അബ്ദുള്ള, റ്റി. എ. അഹമ്മദ് കബീർ, ആബിദ് ഹുസൈൻ തങ്ങൾ, കെ. എസ്. ശബരീനാഥൻ, വി. എസ്. ശിവകുമാർ, വി. പി. സജീന്ദ്രൻ, ഹൈബി ഈഡൻ, എം. വിൻസെന്റ്, എൽദോസ് കുന്നപ്പിള്ളി, ഷാഫി പറമ്പിൽ, അൻവർ സാദത്ത്, സണ്ണി ജോസഫ്, വി. ഡി. സതീശൻ, കെ. സി. ജോസഫ്, പി. ടി. തോമസ്, ഡോ. എൻ. ജയരാജ്, റോഷി അഗസ്റ്റിൻ, മോൻസ് ജോസഫ് എന്നീ അംഗങ്ങൾ നന്ദി പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

ശ്രീ. എസ്. ശർമ്മ: നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ചരിത്രവിജയം നൽകിയ കേരളജനതയെ അഭിവാദ്യം ചെയ്യുന്നു. യു.ഡി.എഫ്. സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ നിയമസഭയ്ക്കകത്തും പുറത്തും നടത്തിയ പോരാട്ടത്തിന്റെ ഫലമായാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയത്. ജനങ്ങൾ അർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനും ജനക്ഷേമകരമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമുള്ള സർവ്വതലസ്പർശിയായ പ്രസംഗമാണ് ഗവർണ്ണർ നടത്തിയത്. കേരളത്തിന്റെ പുനർനിർമ്മാണത്തിന് ദീർഘവീക്ഷണത്തോടെയുള്ള നടപടികളാണ് ഈ സർക്കാർ വിഭാവന ചെയ്യുന്നത്. ആധുനിക

കൃഷിരീതിയോടൊപ്പം വ്യാവസായിക ഐ.ടി. മേഖലയുടെ വളർച്ചയും പരമ്പരാഗത വ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും സമ്പൂർണ്ണ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം ജനങ്ങൾക്ക് ആത്മവിശ്വാസം പകരുന്നതാണ്. ഗുണനിലവാരത്തോടെ സേവനം പ്രദാനം ചെയ്യുന്ന മേഖലകളാക്കി വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളെ മാറ്റുമെന്ന പ്രഖ്യാപനം ശ്രദ്ധേയമാണ്. സർക്കാർ സർവ്വീസിൽ സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ ഏർപ്പെടുത്തുവാനും പൊതുമരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ആഡിറ്റിംഗും സുതാര്യസംവിധാനവും ഏർപ്പെടുത്തുവാനുള്ള നയവും അഴിമതിരഹിത കേരളത്തിന് അടിത്തറ പാകുമെന്നതിൽ സംശയമില്ല. സംസ്ഥാനം ഇന്ന് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. ആസിയാൻ കരാർ നടപ്പാക്കിയതോടെ കേരളത്തിന്റെ നാണ്യവിളകൾ വമ്പിച്ച പ്രതിസന്ധി നേരിടുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ സംരക്ഷിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന ഗൾഫ് വരുമാനത്തിലെ ഇടിവ് കാർഷിക സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. വികസന നേട്ടങ്ങളെക്കുറിച്ച് യു.ഡി.എഫ്. സർക്കാർ വളരെയധികം കൊട്ടിഘോഷിച്ചിരുന്നെങ്കിലും സമ്പദ്ഘടന അതീവ ഗുരുതരാവസ്ഥയിലായിരുന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 6.7 ശതമാനമായിരുന്ന

സമ്പദ്ഘടനയിലെ വളർച്ചാനിരക്ക് യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 6.1 ശതമാനമായി കുറഞ്ഞു. ഉത്പാദന മേഖലയിലെ ദുർബലാവസ്ഥ പരിഹരിക്കുക എന്നുള്ളതാണ് കേരളത്തിന്റെ വികസനത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന പ്രധാനപ്പെട്ട ഘടകം. വ്യവസായ മേഖല തകർച്ചയിലും പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിലുമാണ്. പുതിയ വൻകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടില്ല. കെട്ടിടനിർമ്മാണ മേഖലയുടെ വളർച്ച മന്ദീഭവിച്ചിരിക്കുകയാണ്. ഗൾഫ് മേഖലയിലെ പ്രതിസന്ധി സേവന മേഖലയുടെ വളർച്ചയെ സാരമായി ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 28,000 കോടി രൂപയുടെ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും അടങ്കൽ തുകയുടെ 61 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഏകദേശം 26000 കോടി രൂപയുടെ പദ്ധതിയാണ് പണമില്ലാത്തതിനാൽ നടപ്പാക്കാൻ കഴിയാതെ പോയത്. ആസൂത്രണത്തിന്റെ ദാരിദ്ര്യം, സാമ്പത്തിക അച്ചടക്കമില്ലായ്മ, വിഭവ സമാഹരണത്തിന്റെ കുറവ് എന്നിവയാണ് കേരളത്തെ ഈ അവസ്ഥയിൽ എത്തിച്ചത്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, മതസൗഹാർദ്ദം, ജനാധിപത്യബോധം തുടങ്ങിയ കാര്യങ്ങളിൽ മികച്ച സ്ഥാനമാണ് കേരളത്തിനുള്ളത്. സംസ്ഥാനം വായ്പ എടുക്കുന്ന തുകയുടെ 70-80 ശതമാനം ശമ്പളത്തിനും നിത്യനിദാന ചെലവുകൾക്കുമായി വേണ്ടിവരുന്ന എന്ന ഗുരുതരമായ സാഹചര്യം അതിജീവിക്കാനുള്ള

ഉത്തരവാദിത്തത്തോടുകൂടിയ ദൗത്യമാണ് ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിലുള്ളത്. മതനിരപേക്ഷ നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകാൻ കഴിയണം. ജിഷയുടെ കൊലപാതകിയെ കണ്ടുപിടിക്കാനുള്ള കരുത്ത് കേരള പോലീസിനുണ്ടെന്ന് തെളിയിച്ചു. ദളിത് സമൂഹത്തിനും മലയാളികൾക്കും വിശ്വാസം പകരുന്ന അന്വേഷണ സംവിധാനത്തിന് നേതൃത്വം കൊടുക്കുന്ന ആഭ്യന്തര മന്ത്രാലയവും പോലീസ് സംവിധാനവും കൂടുതൽ കരുത്തോടെ യഥാർത്ഥ പ്രതികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരുമെന്നുള്ളതും വ്യക്തമാക്കുന്നതാണ് ഗവർണ്ണറുടെ പ്രസംഗം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണറുടെ പ്രസംഗം യു.ഡി.എഫ്. സർക്കാരിന്റെ തനിയാവർത്തനമെന്ന നിലയിൽ ആ സർക്കാരിന് നൽകിയ അനുമോദനമായി കണക്കാക്കുന്നു. സ്റ്റാർട്ടപ് വില്ലേജ്, വിലസ്ഥിരതാഫണ്ട്, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം, ആർ.എസ്.വി.വൈ പദ്ധതി, ഇൻഷ്വറൻസ് സ്കീം തുടങ്ങിയവയെല്ലാം ആരംഭിച്ചത് യു.ഡി.എഫ്. സർക്കാരാണ്. ആരോഗ്യരംഗത്തുനിന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് പിൻമാറുന്ന പ്രവണതയാണ് കാണുന്നത്. ആരോഗ്യ കേരളം പദ്ധതി, അമ്മയും കുഞ്ഞും പദ്ധതി, കോക്ലിയർ ഇംപ്ലാന്റേഷൻ എന്നിവ ഗവൺമെന്റ് ഫണ്ട് ഉപോഗിച്ച് നടപ്പാക്കുന്നതിന് ബഡ്ജറ്റ് പ്രൊവിഷനുള്ളതാണ്. ഇതെല്ലാം ഇൻഷ്വറൻസ്

കമ്പനിയെ ഏൽപ്പിക്കുന്നത് സാധാരണക്കാരന് കൂടുതൽ ബാധ്യത ഉണ്ടാകാൻ ഇടവരും. കായികഭവനമില്ലാത്തതാണ് കേരളത്തിന്റെ കായിക രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം എന്നു പറയുന്നത് ബാലിശമാണ്. പെൺകുട്ടികളുടെ സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്പോർട്സ് ക്ലബ്ബ് തുടങ്ങുന്നതിനെക്കുറിച്ചോ അന്തർദേശീയ കായികരംഗത്ത് യശസ്സുയർത്തിയിട്ടുള്ള കായികതാരങ്ങൾക്കുവേണ്ടി പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികളോ നയ പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ കാര്യത്തിൽ ഭാവനാസമ്പൂർണ്ണമായ പ്രഖ്യാപനങ്ങളൊന്നുമില്ല.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷം കേരള രാഷ്ട്രീയത്തേയും ഭരണത്തേയും മലീമസമാക്കുകയാണ് യു.ഡി.എഫ്. സർക്കാർ ചെയ്തത്. ജുഡീഷ്യൽ കമ്മീഷനുമുന്നിൽ വിളിച്ചുവരുത്തി അഴിമതിക്കേസ്സിൽ 14 മണിക്കൂർ ചോദ്യം ചെയ്തത് വലിയ അഭിമാനമായി അന്നത്തെ മുഖ്യമന്ത്രി കരുതുകയാണ്. ഉമ്മൻ ചാണ്ടി സർക്കാർ വികസനത്തെക്കുറിച്ച് പറഞ്ഞതല്ലാതെ ഒരു വികസനപ്രവർത്തനവും നടത്തിയിട്ടില്ല. മുൻ എൽ.ഡി.എഫ്. സർക്കാരിനുണ്ടായ വികസന പ്രതിസന്ധിയാണ് ഈ സർക്കാരിനും നേരിടേണ്ടിവരുന്നത്. ദുബായ് കമ്പനിയുമായി മുൻ യു.ഡി.എഫ്. സർക്കാർ ഒപ്പിട്ട കരാറിൽ ആകെ 33,000 പേർക്കുമാത്രമാണ് തൊഴിൽ

നൽകുമെന്ന് പറഞ്ഞിരുന്നത്. തുടർന്ന് ഭരണത്തിൽവന്ന എൽ.ഡി.എഫ്. സർക്കാർ കരാർ പുനഃപരിശോധിച്ച് ഇൻഫോ പാർക്ക് വിട്ടുകൊടുക്കില്ലെന്ന് തീരുമാനിക്കുകയും തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം ടീകോം കമ്പനിയെക്കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്തു. എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന വ്യവസായങ്ങളും ഐ.ടി. പാർക്കുകളുമല്ലാതെ പുതിയതായി ഒന്നും കൊണ്ടുവരാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടില്ല. മൂന്നാറിൽ ടാറ്റ കമ്പനി കയ്യേറിയ ഭൂമി തിരിച്ചുപിടിക്കാനും ഇടുക്കി ജില്ലയുടെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ നിർമ്മിച്ച റിസോർട്ടുകൾ പൊളിച്ചുമാറ്റാനും എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. നെൽകർഷകർക്ക് പ്രഖ്യാപിച്ച താങ്ങുവില യഥാസമയം വിതരണം ചെയ്യാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടില്ല. 2008-ൽ പാസ്സാക്കിയ നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനമാണ് കഴിഞ്ഞ അഞ്ചുവർഷവും കേരളത്തിൽ നടന്നത്. വിദ്യാഭ്യാസ നിയമവും ഭൂപരിഷ്കരണ നിയമവും നടപ്പാക്കിയതിലൂടെ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ആളുകൾക്ക് ക്ഷേമപെൻഷനുകൾ ഏർപ്പെടുത്താനും കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കാനും സാധിച്ചു. ജനകീയാസൂത്രണംവഴി പ്രാദേശിക വികസനത്തിന് അടിത്തറ പാകിയതും അന്യാധീനപ്പെട്ട സർക്കാർഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടിയെടുത്തതും

എൽ.ഡി.എഫ്. സർക്കാരാണ്. സമൂഹത്തിലെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. സ്ത്രീകളുടേയും കുട്ടികളുടെയും ക്ഷേമം ലക്ഷ്യമിട്ട് ഒരു പുതിയ വകുപ്പ് രൂപീകരിക്കാൻ എൽ.ഡി.എഫ്. സർക്കാർ തയ്യാറായത് കേരള ചരിത്രത്തിലെ രജതരേഖയാണ്. വിദ്യാഭ്യാസവും സംസ്കാരവും സംരക്ഷിക്കാനും വികസനരംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങളെ സജീവമാക്കാനും നെൽകൃഷി ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. ഇടതുപക്ഷ സർക്കാരിന്റെ കാലഘട്ടങ്ങളിലെല്ലാം പൊതുവിതരണ സമ്പ്രദായം മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സപ്ലൈകോ ഔട്ട്ലെറ്റുകളും നീതിസ്റ്റോറുകളും നൻമ സ്റ്റോറുകളും അടച്ചുപൂട്ടുന്ന സ്ഥിതിയായിരുന്നു. ഈ സർക്കാർ മാർക്കറ്റിലിടപെടുകയും പൊതുവിതരണ ശൃംഖല വഴി നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് നൽകാൻ നടപടിയെടുക്കുകയും ചെയ്തു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഒരു പുതുമയില്ലാത്ത നയപ്രഖ്യാപനമാണ് ഈ ഗവൺമെന്റ് നടത്തിയത്. കഴിഞ്ഞ സർക്കാരിനെ കുറ്റപ്പെടുത്തുകയും ആ നയങ്ങൾ പരാജയമാണെന്ന് വിമർശിക്കുകയും ചെയ്തുകൊണ്ട് കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ തുടരുമെന്നാണ്

നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ മദ്യനയത്തിലൂടെ മദ്യഉപഭോഗം വളരെ കുറഞ്ഞിട്ടുണ്ട്. മദ്യമാഫിയയ്ക്കുവേണ്ടി ഈ സർക്കാർ മദ്യനയം തിരുത്തരുതെന്നാണ് പറയുവാനുള്ളത്. വികേന്ദ്രീകരണാസൂത്രണവുമായി ബന്ധപ്പെട്ട് ജനകീയാസൂത്രണം തിരികെ കൊണ്ടുവരേണ്ടതുണ്ടോയെന്ന് ആലോചിക്കണം. സേവനാവകാശ നിയമവും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്ന ആശയവും കൊണ്ടു വന്നത് യു.ഡി.എഫ് സർക്കാരാണ്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ തന്നെ ക്രമസമാധാനനില തകരുകയാണുണ്ടായത്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ജനങ്ങളുമായി ബന്ധിപ്പിക്കുന്ന ഒരു ആശയ വിനിമയമായ ക്യാബിനറ്റ് ബ്രീഫിംഗ് നിർത്തലാക്കിയത് ഭരണത്തിന്റെ സുതാര്യത നഷ്ടപ്പെടുത്തും.

ശ്രീ. ചിറ്റയം ഗോപകുമാർ: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെയും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെയും ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് മുൻഗണന നൽകുമെന്ന പ്രഖ്യാപനവും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. ശാസ്ത്ര-സാങ്കേതിക വികസനം, വിലക്കയറ്റം തടയൽ,

ഐ.റ്റി പോളിസി, മദ്യനയം, ഇ-ഓഫീസ് സംവിധാനം, നിക്ഷേപം ആകർഷക മാക്കുന്നതിന് നിയമം ഏർപ്പെടുത്തൽ തുടങ്ങിയവ അഭിനന്ദനാർഹമാണ്. മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്ന നിയമന നിരോധനം പിൻവലിച്ച് യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിനും ക്ഷേമപെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും സാമൂഹ്യ ക്ഷേമപെൻഷനുകൾ ആയിരം രൂപയായി വർദ്ധിപ്പിക്കുന്നതിനും സർക്കാർ സ്വീകരിച്ച നിലപാട് പ്രശംസനീയമാണ്. മുടങ്ങിക്കിടന്ന ഭവനനിർമ്മാണപദ്ധതികൾ പുന:സ്ഥാപിക്കുന്നതിനും തകർച്ച നേരിടുന്ന സമസ്ത മേഖലകളെ പുനരുജ്ജീവിപ്പിക്കുന്നതിനും കരുതലോടുകൂടി മുന്നോട്ടുപോകുന്ന ഈ സർക്കാരിനെ ഹാർദ്ദമായി അഭിനന്ദിക്കുന്നു.

<u>ശ്രീ. കെ. എം. മാണി:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. വസ്തുതാപരമല്ലാത്ത കാര്യങ്ങൾ ഗവർണ്ണറെക്കൊണ്ട് പ്രസംഗിപ്പിച്ച് ഈ സർക്കാർ ജനങ്ങളെ കബളിപ്പിച്ചിരിക്കുകയാണ്. നയമില്ലായ്മയാണ് ഈ സർക്കാരിന്റെ മുഖമുദ്ര. പ്രകടനപത്രികയിലെ പല വാഗ്ദാനങ്ങളും പ്രഖ്യാപനപ്രസംഗത്തിൽ ഇല്ല. കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം പദ്ധതി, കാരുണ്യ ബെനവലന്റ് പദ്ധതി, സ്വയം സംരംഭക മിഷൻ തുടങ്ങി മുൻസർക്കാരിന്റെ ഭരണനേട്ടങ്ങളെക്കുറിച്ചൊന്നും നയപ്രഖ്യാപനത്തിൽ പരാമർശിക്കാതിരുന്നത് പ്രതിഷേധാർഹമാണ്.

കശുവണ്ടിക്ക് പ്ലാന്റേഷൻ പദവി ഏർപ്പെടുത്തുമെന്ന സർക്കാരിന്റെ വാഗ്ദാനം സ്വാഗതാർഹമാണ്.

<u>ശ്രീ. സി. കെ. നാണു:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പുതിയ ഗവൺമെന്റ് ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്ന് പ്രവർത്തിക്കുമെന്നതിന്റെ തെളിവാണ് ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് സുപ്രധാനമായ തീരുമാനങ്ങളെടുത്ത നടപടി. വടകര താലൂക്കാശുപത്രിയുടെ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനും മലബാർ പ്രദേശത്തെ മത്സ്യത്തൊഴിലാളി മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ മേഖലയടക്കമുള്ള സമസ്ത മേഖലകളുടെയും പോരായ്മകൾ പരിഹരിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നിലപാടുകൾ സ്വാഗതാർഹമാണ്.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത സമീപനവും നിലപാടും പാവപ്പെട്ട ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിലപാടും സ്വാഗതാർഹമാണ്. കാർഷികമേഖല കടുത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ നെൽകൃഷി ഭൂമിയുടെ വിസ്തൃതി മൂന്നുലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം പ്രതീക്ഷ നൽകുന്നു. കശുവണ്ടി വ്യവസായ മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുമെന്നതും അടച്ചുപൂട്ടിയ ഫാക്ടറികൾ തുറക്കുമെന്നതും ആശ്വാസം

പകരുന്നതാണ്. മത്സ്യത്തൊഴിലാളി മേഖലയിൽ വീട്, ശുദ്ധജലം, മാലിന്യസംസ്കരണം തുടങ്ങിയ നടപടികളും ഉൾനാടൻ മത്സ്യബന്ധനത്തിനുള്ള സഹായവും അവർക്ക് ആത്മവിശ്വാസം നൽകുന്നു. കെ.എം.എം.എൽ., ഐ.ആർ.ഇ. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ധാതുമണൽ ഖനനം പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള തീരുമാനം ശ്ലാഘനീയമാണ്. ടൈറ്റാനിയത്തിന് ചുറ്റും താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അഴിമതിരഹിത മതനിരപേക്ഷ വികസിത കേരളം എന്ന മുദ്രാവാക്യത്തിലൂന്നി സർവ്വതലസ്പർശിയായ ഒരു നയപ്രഖ്യാപനമാണ് ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. കാര്യക്ഷമമായ സിവിൽ സർവ്വീസ് നടപ്പാക്കുന്നതോടൊപ്പം ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാരം കാണുന്നതിനും നടപടികളുണ്ടാകണം. സമഗ്ര വികസനത്തിനും പുനരുജ്ജീവനത്തിനും സഹായകരമാകുന്ന നിലപാടുകളാണ് ഈ ഗവൺമെന്റ് മുന്നോട്ടുവച്ചിരിക്കുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിനുള്ള തീരുമാനം ശ്ലാഘനീയമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് തദ്ദേശ സ്ഥാപനങ്ങളെ

സജീവമാക്കി കേരളത്തെ പട്ടിണി വിമുക്തമാക്കാനാണ് ലക്ഷ്യമിടുന്നത്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച് അവ വീടുകളിലെത്തിക്കുന്നതും വിലക്കയറ്റം പിടിച്ചുനിർത്തുന്നതും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സപ്ലൈകോയുടെ വിഹിതം ഇരട്ടിയാക്കി വർദ്ധിപ്പിച്ചതും സാധാരണക്കാരോടുള്ള സമീപനം വെളിപ്പെടുത്തുന്നതാണ്. നെൽകൃഷി മൂന്നുലക്ഷം ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ശുചിത്വം, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയവ ചിട്ടയായി നടപ്പാക്കുന്നതിനും ആധുനിക രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങളെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. എൻഡോസൾഫാൻ ദുരിതബാധിതരെ സംബന്ധിച്ച് ഒരു വാക്കുപോലും പറയാത്ത ഈ നയപ്രഖ്യാപനത്തെ അനുകൂലിക്കാനാകില്ല. നയപ്രഖ്യാപന പ്രസംഗം കേരളത്തിന്റെ യഥാർത്ഥ പ്രശ്നങ്ങളിലേയ്ക്ക് കടക്കാനുതകുന്നതോ സർക്കാരിന് ദിശാബോധം നൽകുന്നതോ അല്ല. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങൾക്ക് നിയതമായ മാനദണ്ഡമുണ്ടാക്കുമെന്ന് പറയുന്നുണ്ടെങ്കിലും അതിന് വിപരീതമായ നടപടികളാണുണ്ടാകുന്നത്. കേരളത്തെ നിക്ഷേപസൗഹൃദമാക്കിയ കഴിഞ്ഞ സർക്കാരിന്റെ ചുവടുപിടിച്ച് നടത്തിയ പ്രഖ്യാപനങ്ങളും കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങൾക്ക് ലഭിച്ച വിജയത്തിന്റെ അടിസ്ഥാനത്തിൽ

അംഗപരിമിതരുടെയും വയോജനങ്ങളുടെയും അയൽക്കൂട്ട സംഘങ്ങൾ രൂപീകരിക്കുമെന്ന് പറഞ്ഞിട്ടുള്ളത് സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. രാജൻ</u>: നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് 150 കോടി രൂപ ചെലവഴിക്കാനും ആയിരം രൂപയാക്കി വർദ്ധിപ്പിച്ച സാമൂഹ്യ ക്ഷേമപെൻഷനുകൾ വീടുകളിലെത്തിക്കാനും അപ്രഖ്യാപിത നിയമന നിരോധനം പിൻവലിക്കാനുമുള്ള ഗവൺമെന്റിന്റെ തീരുമാനം ശ്ലാഘനീയമാണ്. പത്ത് ദിവസത്തിനുള്ളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശവും ആയതിന് കൃത്യത ഉറപ്പുവരുത്തുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയ നടപടിയും ശ്രദ്ധേയമാണ്. കാർഷികമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. മലയോര ജനത നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് പട്ടയം നൽകുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ഉണ്ണി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഡിഫൻസ് പാർക്ക് നിർമ്മിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിന് മാവേലി സ്റ്റോറുകൾവഴി ഫലപ്രദമായി ഇടപെടൽ നടത്താനും ക്ഷേമപെൻഷനുകൾ ആയിരം രൂപയായി വർദ്ധിപ്പിക്കാനും അത് വീടുകളിൽ എത്തിക്കാനുമുള്ള തീരുമാനം

പ്രശംസനീയമാണ്. അങ്കൻവാടി വർക്കർമാരുടെ ഓണറേറിയം വർദ്ധന, അങ്കൻവാടികൾക്ക് സ്വന്തമായി കെട്ടിട നിർമ്മാണം, സർവ്വീസ് മേഖലയെ അഴിമതിവിമുക്തമാക്കി കാര്യക്ഷമമാക്കുക, ചെലവുചുരുക്കി സത്ഭരണം കാഴ്ചവയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. എം. രാജഗോപാലൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അഴിമതി രഹിത മതനിരപേക്ഷ വികസിത കേരളമെന്ന എൽ.ഡി.എഫ്.-ന്റെ വാഗ്ദാനം പ്രയോഗവത്കരിക്കുന്നതിനുള്ള പ്രഖ്യാപനമാണ് ഇവിടെ നടത്തിയിരിക്കുന്നത്. ഭാവനാപൂർണ്ണമായ ആസൂത്രണവും അതിലേയ്ക്ക് നയിക്കുന്ന കൃത്യമായ രാഷ്ട്രീയ ഇച്ഛാശക്തിയും പ്രതിബദ്ധതയോടുകൂടിയ പ്രവർത്തനവുമുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന് മാത്രമേ ഇന്നത്തെ പ്രതിസന്ധിഘട്ടത്തെ അതിജീവിക്കാൻ സാധിക്കുകയുള്ളൂ. സാമൂഹ്യ-സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും നവലിബറൽ നയങ്ങളുടെ വിപത്തുകളെ പ്രതിരോധിച്ചും ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ ആധുനീകരിച്ചുമുള്ള ബഹുമുഖമായ സമീപനവുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അശരണർക്കും നിരാലംബർക്കും നിർദ്ധനർക്കും ആശ്വാസമേകാൻ ഈ സർക്കാരിന് സാധിച്ചു. ആഗോളവത്കരണം, സൃഷ്ടി അസമത്വം, സാമ്പത്തികമാന്ദ്യം, പരിസ്ഥിതിനാശം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ പ്രതിസന്ധികൾ മറികടക്കാൻ ഫെഡറൽ ചട്ടക്കൂടിൽ നിന്നുകൊണ്ടുള്ള

ജനകീയപദസംവിധാനത്തിന് ഗവൺമെന്റ് തുടക്കം കുറിക്കുകയാണ്. യുവജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും വികസനം പരിസ്ഥിതി സൗഹാർദ്ദമായിരിക്കുമെന്നുമുള്ള പ്രഖ്യാപനം തികച്ചും സ്വാഗതാർഹമാണ്. നയരൂപീകരണം മുതൽ അതിന്റെ അനന്തരഫലം വിലയിരുത്തുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തമെന്ന സർക്കാർ കാഴ്ചപ്പാട് ജനാധിപത്യ സമൂഹത്തിന് അഭിമാനിക്കാൻ വക നൽകുന്നതാണ്. നാടിന് ശുഭപ്രതീക്ഷകൾ നൽകുന്ന, സർവ്വതലസ്പർശിയും സന്തുലിതവുമായ വികസന കാഴ്ചപ്പാടോടുകൂടിയ ഒരു ഗവൺമെന്റാണ് ഇപ്പോൾ അധികാരത്തിൽ വന്നിരിക്കുന്നത്. കൈത്തറി-ഖാദി മേഖലകളിൽ തൊഴിൽ സുരക്ഷ ഉറപ്പാക്കി നവീകരിക്കാനുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. മിതമായ നിരക്കിൽ എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുന്നതിന് ഒരു സുസ്ഥിര വികസന മാതൃക പിന്തുടരുമെന്നതും സ്മാർട്ട്ഗ്രിഡ് എന്ന നൂതന പദ്ധതി നടപ്പിലാക്കി സംസ്ഥാനത്തിന്റെ ഊർജ്ജവിതരണ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതും കുട്ടികളിൽ ഊർജ്ജ സംസ്കരണ സംസ്കാരം വളർത്തിയെടുക്കാനുള്ള ശ്രമവും പ്രശംസനീയമാണ്.

<u>ശ്രീ. രാജു എബ്രഹാം</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഐ.ടി. രംഗത്ത് നൂതന ആശയങ്ങൾ അറിയുന്നതിനും കൈമാറ്റം ചെയ്യുന്നതിനും ചർച്ചയ്ക്കുംവേണ്ടി

സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഓപ്പൺ ഇന്നോവേഷൻ സ്പെയ്സുകൾ സ്ഥാപിക്കുന്നതിനും ചികിത്സാരംഗത്ത് സാധാരണക്കാർക്കുവേണ്ടി ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കുന്നതിനുംവേണ്ടിയുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വാഗതാർഹമാണ്. പ്രൈമറി ഹെൽത്ത് സെന്ററുകളെ രോഗപ്രതിരോധ ബോധവത്ക്കരണം നടത്താനുള്ള കേന്ദ്രങ്ങളാക്കി മാറ്റുന്നതും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും താലൂക്കാശുപത്രിയും വിപുലീകരിക്കുന്നതും സ്വാഗതാർഹമാണ്. താലൂക്കാശുപത്രികളിൽ മൾട്ടി സ്പെഷ്യാലിറ്റി സൗകര്യമൊരുക്കുന്നത് ആരോഗ്യരംഗത്തെ ശ്രദ്ധേയമായ മാറ്റമാണ്. മലയോര ഹൈവേ യാഥാർത്ഥ്യമാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണം. ഭാവനാപൂർണ്ണമായ നയപ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയിരിക്കുന്നത്. ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്.

<u>ശ്രീ. പി. ടി. തോമസ്</u> : നയപ്രഖ്യാപനത്തെ എതിർക്കുന്നു. വാസ്തവവിരുദ്ധമായ കാര്യങ്ങളാണ് നയപ്രഖ്യാപനപ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടുള്ള സ്ഥലം മാറ്റം

വ്യാപകമായ രീതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ദളിത് വിഭാഗങ്ങളെ അധിക്ഷേപിക്കുന്ന അവസ്ഥയുണ്ടാകാൻ പാടില്ല.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ വികസന പാതയിലേയ്ക്ക് നയിക്കുന്ന കാഴ്ചപ്പാടാണ് ഗവർണ്ണർ നയപ്രഖ്യാപനത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. കാലിയായ ഖജനാവാണ് വികസനത്തിന് തടസ്സമായി നിൽക്കുന്നത്. ട്രഷറി നിയന്ത്രണം ഏർപ്പെടുത്താതെയും ചെലവ് ചുരുക്കാതെയും അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിച്ച് റവന്യൂ വരുമാനം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം ജനങ്ങൾക്ക് ആത്മവിശ്വാസം പകരുന്നതാണ്. മൂലധനച്ചെലവിനായി വിപണിയിൽ നിന്ന് ഫണ്ട് സ്വരൂപിക്കുന്നതിനും വൻകിട പദ്ധതികൾക്കായി പൊതുനിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പുതുമയുള്ളതാണ്. രാഷ്ട്രീയമായ ഇച്ഛാശക്തിയും വിശ്വാസ്യതയുമാണ് ഈ സർക്കാരിന്റെ മുതൽക്കൂട്ട്. ദുർബലരുടേയും പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും പരാതി പരിഹരിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. അഴിമതി ഉന്മൂലനം ചെയ്യുന്നതിനുള്ള നടപടികളിൽ പ്രതിപക്ഷത്തിന്റെ പിന്തുണയുണ്ടാകണം. കോഴിക്കോട് സൈബർ പാർക്കിന്റെ കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് കഴിഞ്ഞ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്. ഭൂമാഫിയകളുടെ താല്പര്യത്തിനുവിധേയമായി

പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നതിന് കൂട്ടുനിൽക്കുന്ന സമീപനം കഴിഞ്ഞ സർക്കാർ സ്വീകരിച്ചപ്പോൾ പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്ന നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചത്.

സഭ ഉച്ചയ്ക്കുശേഷം 2.25-ന് പിരിഞ്ഞു.

*****